# ACADAMIC MASTER PLAN
# 2025-26



# ST. AGNES’ H.S. MUTTUCHIRA
## Kaduthuruthy (Ed. Dist.)
## Kuravilangad (Sub Dist.)

## സ്കൂൾ വിവരങ്ങൾ

**1.റവന്യൂ ജില്ല : കോട്ടയം**

**2.സ്കൂൾ കോഡ്** : 45024

**3.സ്കൂളിന്റെ പേര്** : സെന്റ് ആഗ്നസ് എച്ച്.എസ്. മുട്ടുചിറ

**4.മേൽവിലാസം** : മുട്ടുചിറ പി.ഒ., കോട്ടയം ജില്ല.

**5.ഫോൺ നമ്പർ** :

**6.ഇ - മെയിൽ അഡ്രസ്സ്** : stagnesghs@gmail.com

**7.ഗ്രാമപഞ്ചായത്ത്** : കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്

**8 വിദ്യാഭ്യാസ ജില്ല** : കടുത്തുരുത്തി

**9.സബ്ജില്ല** :കുറവിലങ്ങാട്

**10.ക്ലാസ്സുകൾ** : 5 മുതൽ 10 വരെ

**11.മാനേജ്മെന്റ്** : എയ്ഡഡ്

**12.പഠനമാധ്യമം** : മലയാളം, ഇംഗ്ലീഷ്

## ആമുഖം

കോട്ടയം ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കടുത്തുരുത്തി പഞ്ചയത്തിലാണ് മുട്ടുചിറ സെന്റ് ആഗ്നസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. കടുത്തുരുത്തി വിദ്യാഭ്യാസജില്ലയുടെ ഭാഗമായിവരുന്ന ഈ വിദ്യാലയം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മാതൃകാ വിദ്യാലയമായി പ്രശോഭിക്കുന്നു. മുൻ വർഷങ്ങളിൽ SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ A+ കൾ നേടിയിട്ടുള്ള ഈ വിദ്യാലയം ഏക്കാലവും മികവാർന്നതും വൈവിധ്യമാർന്നതുമായ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുന്നു.

ഗുണമേന്മയുള്ള  വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നവസ്തുത പ്രാവർത്തികമാക്കിക്കൊണ്ട്  കലാ രംഗത്തും കായിക രംഗത്തും ഒരുപോലെ മികവ്  തെളിയിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി ലക്ഷ്യമിടുന്നതിനാൽ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച്  നടപ്പാക്കാൻ ശ്രമിക്കുന്നു. അക്കാദമിക രംഗത്തെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്നു. കരാട്ടെ, നൃത്തം, തയ്യൽ പരിശീലനം, സംഗീതം ഫുട്ബോൾ പരിശീലനം സ്കേറ്റിംങ്,  യോഗ  തുടങ്ങി വൈവിധ്യമാർന്ന പരിശീലനങ്ങൾ കുട്ടികൾക്ക് നൽകി വരുന്നു.

**അക്കാദമിക നേട്ടങ്ങൾ**

കോട്ടയം ജില്ലയിലെ  മികച്ച വിദ്യാലയങ്ങളിലൊന്നാണ് മുട്ടുചിറ സെന്റ് ആഗ്നസ് ഹൈസ്കൂൾ.  SSLC പരീക്ഷയിൽ ഏറ്റവും മികച്ച വിജയമാണ്  എന്നും സ്കൂളിന്  ലഭിച്ചുക്കൊണ്ടിരിക്കുന്നത്. USS, NMMS പരീക്ഷകളിൽ ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തുകയും വിജയം നേടുകയും ചെയ്യുന്ന ചരിത്രമാണ് ഈ വിദ്യാലയത്തിനുള്ളത്. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് ഉന്നത വിജയത്തിന് കാരണമാകുന്നു. ഗൈഡിംങ്, റെഡ്ക്രോസ് തുടങ്ങിയ വൈവിധ്യമാർന്ന സംഘടനകളിലൂടെ സേവനമനോഭാവം വർദ്ധിപ്പിക്കുവാനും കഴിയുന്നു. ചിട്ടയായ പ്ലാനിംഗ് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക രംഗത്ത് നടപ്പാക്കി വരുന്നത്. പൊതു പരീക്ഷകൾ കൂടാതെ Monthly Test, Midterm test. എന്നിവ കൃത്യമായി നടപ്പാക്കിവരുന്നു.ഓരോ ദിവസത്തെയും  ഹോം വർക്കുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. ക്ലാസ്സ് PT. A വിളിച്ച്  ഓരോ പരീക്ഷയുടെയും മാർക്കുകൾ വിലയിരുത്തി പോരായ്മകൾ

പരിഹരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങളുടെ വികസനത്തിന് P.T.A, പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

## ഭൗതിക നേട്ടങ്ങൾ

ഹൈസ്കൂൾ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സ്മുറികളിലും ലാപ് ടോപ്പ്, പ്രൊജക്റ്റർ സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിന് വിശാലമായ സ്കൂൾ ലൈബ്രറി പ്രവർത്തിച്ചു വരുന്നു. ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഇരുന്ന് വായിക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം ലൈബ്രറിയിൽ ഒരുക്കിയിട്ടുണ്ട്. വിവിധ ഭാഷകളിലും സാഹിത്യ രൂപങ്ങളിലുമുള്ള മികച്ച പുസ്തകങ്ങളുടെ ശേഖരം ലൈബ്രറിയുടെ എടുത്തു പറയേണ്ട പ്രത്യേകതയാണ്.ഏറെ സൗകര്യങ്ങൾ ലഭ്യമായ ഐടി ലാബും ഈ സ്കൂളിന്റെ മറ്റൊരു സവിശേഷതയാണ്.വിശാലമായ ഓഡിറ്റോറിയവും സ്കൂളിലെ ഉച്ചഭക്ഷണം കഴിക്കുന്ന എല്ലാകുട്ടികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാൻ ഉതകുന്ന ഊട്ടുപുരയും വൃത്തിയുള്ളതും ടൈൽ പാകിയതും വിശാലവുമായ അടുക്കളയും ഭൗതിക നേട്ടങ്ങലുടെ പട്ടികയിൽ പെടുന്നു. സ്കൂൾ കെട്ടിടത്തിന്റെ മെയിൻ ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേൽപാലം ഈ സ്കൂളിന്റെ മറ്റൊരു പ്രത്യേകതയാണ്. കുട്ടികളെ സുരക്ഷിതമായി സ്കൂളിലും തിരിച്ച് അവരെ വീടുകളിൽ എത്തിക്കുന്നതിനും സാധ്യമാകുന്ന വാഹനസൗകര്യവും എടുത്തുപറയേണ്ട പ്രത്യേകയാണ്.

**അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

ഭാഷാശേഷി വികസനം.

ഗണിതശേഷി വികസനം.

ഇംഗ്ലിഷ് പഠനം അനായസമാക്കൽ.

വായന ശേഷി വർദ്ധിപ്പിക്കൽ.

ശാസ്ത്ര പോഷണ പരിപാടികൾ.

ലൈബ്രറി ശക്തീകരണം.

സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.

പഠനയാത്രകൾ.

പ്രവൃത്തി പരിചയ പരിശീലനം.

കായികശേഷി വികസനം.

കലാപരിപോഷണം.

കാസ്സ് പി.ടി.എ ശക്തിപ്പെടുത്തൽ.

ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ.

ഗൈഡിങ് പ്രവർത്തനം.

സ്കൂൾ പച്ചക്കറിത്തോട്ടം.

റെഡ് ക്രോസ് സംഘടന വിപുലപ്പെടുത്തൽ.

ഐടി പഠനം കാര്യക്ഷമമാക്കൽ.

പ്രസംഗപരിശീലനം.

ക്വിസ് ക്ലബ്

ഹെൽത്ത് ക്ലബ്

ഹോം സയൻസ് ക്ലബ്

ശാസ്ത്രപരിശീലനം

മീഡിയ ക്ലബ്

ഹോസ്പിറ്റാലിറ്റി ക്ലബ്

തയ്യൽ പരിശീലനം, സംരഭക ക്ലബ്, കൈരളി ക്ലബ്ബ്

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

## അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സ്രോതസ് | ചുമതല |
|---|---|---|---|---|
| ❖ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ അക്ഷരം ഉറപ്പിക്കൽ<br>➢ വാക്കുകൾ ഉറപ്പിക്കൽ | 2 മാസം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | ഭാഷാഅധ്യാകപകർ |
| ❖ ഭാഷയുടെ അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിനും ആശയവിനിമയം നടത്താനും പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുക | ➢ ഭാഷാ കേളി- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>➢ വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് - വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് എഴുതുന്നതിന് കുട്ടികൾക്ക് അവസരം കൊടുക്കുന്നു. | 4 മാസം | പുസ്തകം,<br>പത്രം | |
| ❖ പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | ➢ വാർത്താലോകത്തേക്ക് - പത്രം, പുസ്തകങ്ങൾ, മാസികകൾ (കുട്ടികളുടെ ദീപിക, സ്നേഹസേന, ശാസ്ത്രപദം...) എന്നിവ കുട്ടികൾ വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | | | |
| ❖ സാഹിത്യകൃതികളോടും സാഹിത്യകരോടുമുള്ള അനുകൂല മനോഭവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | ➢ സാഹിത്യകൃതികളോടും സാഹിത്യലോകത്തോടും അഭിരുചി ഉളവാക്കുന്നതിനും സർഗ്ഗാത്മശേഷി വർദ്ധിപ്പിക്കുന്നതിനും സി. മേരി ബനീഞ്ഞയുടെ ചരിത്രമ്യൂസിയം സന്ദർശിച്ച് കാഴ്ച്ച അനുഭവം പങ്കുവെയ്ക്കുന്നു. | | ഓഡിയോ<br>വീഡിയോ | ഭാഷാഅധ്യാകപകർ |
| ❖ പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ സദസ്സിനെ അഭിമുഖികരിക്കാൻ ഒരുക്കുന്നു. | ➢ വെള്ളിയാഴ്ചകളിൽ സർഗ്ഗമേള നടത്തി കുട്ടികളുടെ സർഗ്ഗവാസനയെ പരിപോഷിപ്പിക്കുന്നു.<br>➢ പ്രസംഗപരിശീലനം, മികച്ച പ്രസംഗങ്ങൾ കേൾപ്പിക്കുന്നു | 4 മാസം | | |
| ❖ വിനോദത്തിനായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ➢ പത്രവായന, ദിനാചരണങ്ങൾ മാസാവസാന തിങ്കളാഴ്ചകളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | | | |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| ACADAMIC MASTER PALN UP ENGLISH | | | | |
|---|---|---|---|---|
| **Aim** | **Activities** | **Period** | **Assigned by** | **Expense** |
| ❖ To encourage listening and speaking skill | ➢ Interactive storytelling sessions discussing themes, characters and plots to enhance listening skills group discussions and role plays to improve speaking skills | | | |
| ❖ To encourage reading skills | ➢ Divide students into small groups and provide them with age appropriate texts such as short stories or novels | | | |
| ❖ Expand vocabulary through reading and interactive activities | ➢ Preparing and delivering speeches. Leistering to and analysing different media sources | | | |
| ❖ Introduce different types of writing narrative, descriptive, persuasive etc. | ➢ Interactive grammar games. Structured grammar lessons with example and practise exercises worksheets on parts of speech, punctuation and sentence types. | | | |
| ❖ Language games, puzzles and activities. | ➢ Integrate language games and activities to reinforce vocabulary grammars and language skills. | | | |
| ❖ Cultivate effective communication skills for various contexts. | ➢ Each group reads the assigned text together and discussed key elements like plot characters and themes. Encourage students to read aloud and share their interpretations. | | | |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| | | | | |
|---|---|---|---|---|
| ❖ To develop writing skills introduce grammatical concepts such as parts of speech tense and sentence structure | ➢ Practice for simple creative writing tasks like descriptive paragraphs shorts stories and simple poetry | | | |
| ❖ Focus on sentence structure, punctuation and grammar | ➢ Focus on developing paragraphs and essays | | | |
| ❖ Differentiation and support | ➢ Provide additional support and resources such as small group's instruction, tutoring, peer mentoring and remedial programmes to help struggling students and challenge advanced learners. | | | |
| ❖ Assessment and feed back | ➢ Design a range of assessment tasks and tools to measure student's language proficiency comprehension and writing skills. | | | |
| ❖ Parents involvement | ➢ Showcase students and parents writing through publications newsletters or school wide writing anthologies. | | | |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സ്രോതസ്** | **ചുമതല** |
| ❖ അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>❖ അക്ഷരങ്ങൾ എഴുതാനും വായിക്കാനും, കണ്ടെത്താനും പഠിപ്പിക്കുന്നു.<br>❖ പുതിയ വാക്കുകൾ പഠിപ്പിക്കുന്നു.<br>❖ ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ, നിറങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>❖ ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധികം പ്രാധാന്യം നൽകുന്നു.<br>❖ ഹിന്ദി അക്ഷരങ്ങൾ നൽകി അവയിൽ നിന്ന് പുതിയ വാക്കുകൾ കണ്ടെത്താനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.<br>❖ ചിത്രകഥകൾ, ചെറുകവിതകൾ എന്നിവ വായിച്ച് ആശയം മനസ്സിലാക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.<br>❖ വാക്കുകളിൽ നിന്ന് വാക്യങ്ങൾ ഉണ്ടാക്കാൻ പരിശീലിപ്പിക്കുന്നു. | ➢ അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>➢ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>➢ ഓഡിയോ വിഷ്വൽ സഹാത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br>➢ ചിത്രങ്ങൾ നൽകി അവയുടെ പേരുകൾ കണ്ടെത്താനുള്ള പ്രവർത്തനം നൽകുന്നു.<br>➢ ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പ്രാപ്തരാക്കുന്നു.<br>➢ വർക്ക് ഷീറ്റുകൾ നൽകുന്നു.<br>➢ പാഠ്യ പുസ്തക വായന<br>➢ കേട്ടെഴുത്ത്<br>➢ പദ സൂര്യൻ<br>➢ പ്രശ്നോത്തരി<br>➢ ചിത്രകഥാ വായന<br>➢ ദൈനംദിന വാക്കുകൾ പരിശീലിപ്പിക്കുക.<br>➢ ചിത്രകഥകൾ, ചെറു കവിതകൾ എന്നിവ വായനയ്ക്കായി നൽകുന്നു.<br>➢ വാക്കുകൾ ക്രമം തെറ്റിച്ച് നൽകി പുതിയ വാക്യങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനം നൽകുന്നു. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി | | ഹിന്ദി അധ്യാകപകർ |

# ST. AGNES’ H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ❖ ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ➢ **നിശാഗന്ധി– ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം, കുളം എന്നിവ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.റ്റി.എ. |
| | ➢ **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ, സന്ദർശനം, പുഴയെ അറിയാൻ യാത്ര | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | രക്ഷിതാക്കൾ |
| | ➢ **പരീക്ഷണക്കളരി**<br>നിത്യജീവത്തതിൽ പരിചിതതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ എഴുതുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| ❖ ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള കഴിവ് വർദ്ധിപ്പിക്കുക. | ➢ **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | ➢ **എക്സ്പ്ലോ– എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ➢ **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.റ്റി.എ.<br>സയൻസ് ക്ലബ്ബ് |
| | ➢ **യുറേക്കാ**<br>ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിത ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ❖ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ➢ **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ഫ്ളാഷ് കാർഡ്...) | ജൂൺ | ഗണിത അധ്യാപകൻ | |
| ❖ രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ➢ **ഒറിഗാമി ശിൽപശാല**<br>ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. ഒിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവാശ്യം | ഗണിത അധ്യാപകൻ | |
| ❖ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ➢ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരസണം | ഗണിത അധ്യാപകൻ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| ❖ ഗണിതം മധുരമാക്കൽ | ➢ **ഗണിത പാർക്ക്**<br>ജ്യാമിനീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൻ | ഒരു പ്രവാശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ. |
| ❖ 17 സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ➢ ജ്യാമിനീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലെന്നിക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ഐ.റ്റി. അധ്യാപകർ | |
| ❖ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെന്നിക്കുന്നു. | ➢ **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ | |
| ❖ വിവിധ ശേഷികളുടെ വികസനം | ➢ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | എസ്.ആർ.ജി | |

# ST. AGNES’ H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ എച്ച്.എസ്. മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സ്രോതസ്** | **ചുമതല** |
| ❖ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ പ്രി ടെസ്റ്റ്<br>➢ അക്ഷപം ഉറപ്പിക്കൽ<br>➢ വാക്കുകൾ ഉറപ്പാക്കുക<br>➢ വാക്യങ്ങൾ നിർമ്മിക്കുക<br>➢ ചിത്രങ്ങൾ കഥയാക്കി മാറ്റുക<br>➢ പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | ഭാഷാ അധ്യാപകൻ |
| ❖ മികച്ച വായനക്കാരക്കുക. | ➢ ക്ലാസ്സിൽ പാഠാ പുസ്തകം വായിപ്പിക്കുക<br>➢ ക്ലാസ്സ് ലൈബ്രറി തയ്യാറാക്കുക<br>➢ പത്രവായന<br>➢ പത്ര ക്വിസ്<br>➢ വായനാനുഭവം പങ്കുവെയ്ക്കൽ<br>➢ ദിനാചരണങ്ങൾ<br>➢ മികച്ച സാഹിത്യകൃതികൾ വായിപ്പിക്കൽ | 6 മാസം | പുസ്തകങ്ങൾ, പത്രം, സാഹിത്യകൃതികൾ | |
| ❖ മികച്ച എഴുത്തുകാരാക്കുക | ➢ എഴുത്തുക്കൂട്ടം<br>➢ വായനക്കുറിപ്പ്<br>➢ പതിപ്പ് നിർമ്മാണം<br>➢ ചുവർ പത്രിക തയ്യാറാക്കൽ | 6 മാസം | | മലയാളം അധ്യാപകൻ |
| ❖ സദസ്സിനെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക | ➢ പ്രസംഗ പരിശീലന കളരി<br>➢ ഒിവിധ വിഷയങ്ങൾ നല്കി പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കൽ<br>➢ മികച്ച പ്രസംഗങ്ങൾ കേൾപ്പിക്കൽ<br>➢ ഓഡിയോ തയ്യാറാക്കൽ<br>➢ പ്രസംഗങ്ങൾ കേൾക്കാനും അവതരിപ്പിക്കുവാനുമുള്ള വേദികൾ സജ്ജമാക്കുക. | ജൂലൈ- ഡിസംബർ | ഓഡിയോ, വിഡിയോ | വിദ്യാരംഗം |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ എച്ച്.എസ്. ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സ്രോതസ്** | **ചുമതല** |
| ❖ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും, ആശയവിനിമയം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കൽ. | ➢ കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രി ടെസ്റ്റ് നടത്തുന്നു.<br>➢ അക്ഷരം ഉറപ്പിക്കൽ<br>➢ വാക്കുകൾ ഉറപ്പിക്കുക<br>➢ വാക്യങ്ങൾ നിർമ്മിക്കുക<br>➢ പാഠ പുസ്തക വായന<br>➢ ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. | ജൂൺ<br>ജൂലൈ | | |
| ❖ കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഭാഷാപോഷിണി പ്രവർത്തനങ്ങൾ നടത്തുന്നു. | ➢ ഹിന്ദി അസംബ്ലി നടത്തുക<br>➢ പ്രസംഗ പരിശീലനം<br>➢ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ഓഗസ്റ്റ്-<br>സെപ്റ്റംബർ | | |
| ❖ വാക്യ ഘടന പരിചയപ്പെടുത്തുന്നു.<br>❖ വ്യാകരണം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു. | ➢ വർക്ക് ഷീറ്റുകൾ നൽകുന്നു..<br>➢ സർവ്വനാമം, വിശേഷണം, കാലങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. പ്രവർത്തനങ്ങൾ നൽകുന്നു.<br>➢ വർക്ക് ഷീറ്റ് പൂർത്തീകരിക്കുന്നു. | ഒക്ടോബർ-<br>നവംബർ | | |
| ❖ ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക. | ➢ കത്ത്, ഡയറി, റിപ്പോർട്ട്, തിരക്കഥ എന്നിവ എഴുതാൻ പരിശീലിപ്പിക്കുന്നു.<br>➢ വായനാനുഭവം പങ്കുവയ്ക്കൽ | ഡിസംബർ-<br>ജനുവരി | | |

# ST. AGNES' H.S. MUTTUCHIRA ACADAMIC MASTER PLAN 2025-26

| അക്കാദമിക് മാസ്റ്റർ പ്ലാൻ എച്ച്.എസ്. സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സ്രോതസ്** | **ചുമതല** |
| ❖ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ➢ കാടും മേടും : ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>➢ വയൽകിളികൾ : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാതെ പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ നടത്തുന്നു. | | സാമൂഹ്യശ്രാസ്ത്ര അധ്യാപകൻ |
| ❖ ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക | ➢ ഒന്നായി നമ്മൾ : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹിക സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | | |
| ❖ ഗാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നീരിക്ഷണം വളർത്തുക. | ➢ സ്റ്റാർട്ട് അപ്പ് : സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ് വെയ്ക്കുന്നു. | വർഷം മുഴുവൻ | പി.റ്റി.എ, മാനേജ്മെന്റ് | സാമൂഹ്യശ്രാസ്ത്ര അധ്യാപകൻ |

# ജീവ ശാസ്ത്രം

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പരിസ്ഥിതി | പരിസ്ഥിതി ദിനാചരണം പ്രാധാന്യം മനസ്സിലാക്കുന്ന ചിത്രരചന, പോസ്റ്റർ | ജൂൺ - ജൂലൈ | സയൻസ് റ്റീച്ചേഴ്സ് | റ്റീച്ചേഴ്സ് |

| | | | | | |
|---|---|---|---|---|---|
| | | രചന, കവിതാലാപന മത്സരങ്ങളും പ്രദർശനവും. | | | |
| 2. | കൃഷി, പൂന്തോട്ട നിർമ്മാണം | പച്ചക്കറി തോട്ടം നിർമ്മാണം, കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.സ്കൂളിലെ പച്ചക്കറി തോട്ട നിർമ്മാണം<br>വീടുകളിൽ സ്വന്തമായി അടുക്കളത്തോട്ട നിർ മ്മോണം കാർഷിക മേഖലയിൽപുതുതാ യി വന്ന കൃഷി രീതികളെ ക്കുറിച്ചുള്ള സെമിനാർ അവതരണം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടപ്രവർ ത്തനങ്ങളുടെ പ്രദർശനം സ്കൂൾ ശാസ്ത്രമേളയി ലും. സബ് ജില്ലാ ശാസ്ത്രമേള യിലും കുട്ടികൾ ഉണ്ടാക്കിയ കാർഷിക ഉൽപന്ന പ്രദർ ശനം,വിശദീകരണം<br><br>പാഠഭാഗങ്ങളിലെ | ജൂലൈ -ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | സയൻസ് റ്റീച്ചേഴ്സ് | റ്റീച്ചേഴ്സ്, പി. റ്റി. എ |

| | | | | | |
|---|---|---|---|---|---|
| | | വിഷയവുമായി ബന്ധപ്പെട്ട പ്രോജക്റ്റ്കൾ. അതിൽ നിന്നും മെച്ചപ്പെട്ടവ പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | | | |
| 3. | ലഹരിക്കെതിരെ | ലഹരിക്കെതിരെ ബോധവൽക്കം ണ ക്ലാസ്, പോസ്റ്റർ നിർമ്മാണം, ലഘു നാടകങ്ങൾ, | ജൂലൈ | സയൻസ് റ്റീച്ചേഴ്സ്, എക്സൈസ് ഡിപ്പാർട്ട്മെൻറ്. ആൻറി നാർക്കോട്ടിക് സെൽ | |
| 4. | നാട്ടറിവ് | പഴമക്കാരിൽ നിന്ന് ലഭിച്ച ഉപകാരപ്രദമായ അറിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം. | നവംബർ | സയൻസ് റ്റീച്ചേഴ്സ്, | |
| 5. | ഷുഗർ ബോർഡ് | കുട്ടികളിലെ പ്രമേഹവുമായി ബന്ധപ്പെട്ട ചർച്ചാ ക്ലാസുകൾ. | ഡിസംബർ | സയൻസ് റ്റീച്ചേഴ്സ് | റ്റീച്ചേഴ്സ്, |
| | ശാസ്ത്ര വാരാഘോഷം | ശാസ്ത്രോൽസവം ,പ്രദർശനം, ക്വിസ് | ഒക്ടോബർ | സയൻസ് റ്റീച്ചേഴ്സ് | കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| 6. | | മുതലായവ, ശാസ്ത്രജ്ഞൻ മാരുടെ ദിനാചരണങ്ങൾ | | | |
| 7. | അവശ്യ വസ്തു നിർമ്മാണ പരിശീലനം | സോപ്പ് , കൗതുകവസ്തു നിർമ്മാണ പരിശീലനം | ജനുവരി | സയൻസ് ടീച്ചേഴ്സ്, തയ്യൽ ടീച്ചർ | ടീച്ചേഴ്സ്, പി. ടി. എ |

| Area - English language learning | | | | |
|---|---|---|---|---|
| Aim | Activity | Period | Assigned by | Expense |
| **Listening**<br>Gives ample opportunities for listening. | Teachers give opportunities for listening to stories, news, etc... | Once a week | English Teachers | Nill |
| **Speaking**<br>Gives ample opportunities for | Teacher gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class. | Twice a week. | English Teachers | |
| **Reading**<br>Gives ample opportunities for reading | Teacher lets students read English newspapers. Encourages students to read English story books from the library. | Once a week | English Teachers | |
| **Writing**<br>Gives ample opportunities for speaking. | story Teaches gines a topic and asks to write a on it. Teacher gives some lines of a poem and asks students to add more lines | Once a week | English Teachers | |
| **Comprehension** | Teacher asks students to listen to a short story or a news segment and then answer questions to check their understanding | Once a week | English Teachers | |

**ഉപസംഹാരം**

മുട്ടുചിറ സെന്റ് ആഗ്നസ് സ്കൂളിന്റെ ഈ അക്കാദമിക മാസ്ററർ പ്ലാൻ സ്കൂളിന്റെ പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്.കുട്ടിയുടെ സർവോന്മുഖമായ വികസനമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പേടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾ ക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും സമൂഹത്തിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായവും കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്ന ഉത്തമ വിശ്വാസത്തോടെ...